പതിമൂന്നാം കേരള നിയമ സഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 8019

16 . 07 .2014 - ൽ മറുപടിക്ക്.

## ഇ-ഗവേണൻസ്

ചോദ്യം

ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. ലൂഡി ലൂയീസ്
ശ്രീ. എം. എ വാഹീദ്

മറുപടി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന് ഇ-ഗവേണൻസ് രംഗത്ത് ദേശീയ തലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ; | (എ) | ദേശീയ തലത്തിൽ ഇ-ഗവേണൻസ് രംഗത്ത് വിവിധ സർക്കാർ / സർക്കാരിതര ഏജൻസികൾ ഏർപ്പെടുത്തിയിട്ടുള്ള നിരവധി പുരസ്കാരങ്ങൾ സംസ്ഥാന സർക്കാരിന്റെ വിവിധ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം മാനദണ്ഡങ്ങൾ പരിഗണിച്ചാണ് ഈ അർഹത ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ദേശീയ തലത്തിൽ പല വിഭാഗങ്ങളിലായാണ് അവാർഡുകൾ നിശ്ചയിക്കുന്നത്, പൊതുവെ Citizen Centric ആയ ഇ- ഗവേണൻസ് പ്രോജക്ടുകളുടെ വിജയകരമായ നടത്തിപ്പിനാണ് അവാർഡുകൾ നൽകുന്നത് . ഇതിനു പുറമേ ആസൂത്രണം, നടപ്പിലാക്കൽ, പരിണാമം, ഭരണ നവീകരണം, ഇ-ഗവേണൻസ് പദ്ധതികളുടെ വ്യാപിപ്പിക്കൽ എന്നീ മാനദണ്ഡങ്ങളും അവാർഡിനു പരിഗണിക്കുമ്പോൾ കണക്കാക്കാറുണ്ട്.<br><br>Nomination സമർപ്പിക്കപ്പെട്ടു കഴിഞ്ഞാൽ അവാർഡ് കമ്മിറ്റി വിശദമായ സർവേ |

| | | | |
|---|---|---|---|
| | | | നടത്തുകയും പദ്ധതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി, വിവരങ്ങൾ ശേഖരിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ വ്യാപ്തി മനസിലാക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്തു വരുന്നത്. |
| (സി) | എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ഇ-ഗവേണൻസിലൂടെ ജനങ്ങൾക്ക് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഓൺലൈൻ സംവിധാനം വിവിധ വകുപ്പുകളിലായി നടപ്പിലാക്കി വരുന്നു. ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിലൂടെ വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് സർക്കാർ ഓഫീസ് വഴിയും ഓൺലൈൻ വഴിയും ഫ്രണ്ട്സ്/ അക്ഷയ കേന്ദ്രങ്ങൾ വഴിയും ലഭിക്കുന്നതാണ്. പൊതു രംഗത്തെ അഴിമതി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ തീരുമാനം എടുക്കുവാനും നടപടിക്രമങ്ങൾ സുതാര്യമാക്കുവാനും വേണ്ടി സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ വൽക്കരണം, കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS, DDFS, e-Office തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു. മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ സുതാര്യമാക്കുന്നതിന് ഇ - പേയ്മെന്റ്, ഇ - ആപ്ലിക്കേഷൻ മുതലായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ |

| | | | |
|---|---|---|---|
| | | | വകുപ്പിൽ ഇ - സർവ്വീസ് നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്ന് വിവിധയിനം സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകുന്ന ഇ - ഡിസ്ട്രിക്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇ - ഡിസ്ട്രിക്ട് പദ്ധതി വഴി ഇപ്പോൾ ഓൺലൈനായി നൽകിവരുന്ന സേവനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് ഓഫീസുകളിലും പരാതികൾ സ്വീകരിക്കുന്നതിനായി "Citizen Help Desk" എന്ന പേരിൽ പുതിയ ഒരു സംരംഭം ആരംഭിച്ചിട്ടുണ്ട്. SSDG പദ്ധതിയുടെ ഭാഗമായി State portal വഴിയും (e services.kerala.gov.in) ഓൺലൈൻ സേവനങ്ങൾ നൽകുന്നുണ്ട്. |
| (ഡി) | അംഗീകാരം ലഭിക്കുന്നതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | വിവിധ ഏജൻസികൾ അവാർഡുകൾക്കായി പൊതു പരസ്യത്തിലൂടെ ക്ഷണിക്കുമ്പോൾ അതാത് സ്ഥാപനങ്ങൾ തന്നെ നോമിനേഷൻ നേരിട്ട് സമർപ്പിച്ച് ഏജൻസികളുടെ പരിശോധനയ്ക്കും മറ്റ് നടപടികൾക്കും വിധേയമായി അംഗീകാരം നേടുകയാണ് ചെയ്തുവരുന്നത്. ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ പ്രത്യേകിച്ച് നടപടികൾ സ്വീകരിക്കാറില്ല. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

[signature]

സെക്ഷൻ ഓഫീസർ